# കേരളീയത—തന്മയും ഉണ്മയും
## പാലാ നാരായണൻ നായരുടെ കവിതകളിൽ

**ഡോ. സിസ്റ്റർ മിനിമോൾ മാത്യു**
അസി. പ്രൊഫസർ, മലയാളവിഭാഗം, അൽഫോൻസാ കോളേജ്, പാലാ.

കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സമൂഹത്തോടുള്ള ധാർമികമായ ഉത്തരവാദിത്വവും കടപ്പാടും അനുപേക്ഷണീയമാണ്. എന്തെങ്കിലും പുതുതായിപറയുവാൻ, പുതുതായി കാണിച്ചു കൊടുക്കുവാൻ കഴിയാത്തവൻ, തന്റെ പ്രവാചകദൗത്യത്തെക്കുറിച്ച് ഉൾക്കാഴ്ചയില്ലാത്തവൻ കവിയല്ല, കലാകാരനല്ല.

ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നും നാലും ദശകങ്ങൾ മലയാളകവിതയുടെ സുവർണ്ണകാലമായിരുന്നു. മൂന്നാം ദശകത്തിൽ ആശാൻ കാലത്തോട്ടു വിടപറഞ്ഞു. തെക്കേ മലബാറിൽ പുതിയൊരു ഉദയത്തിന്റെ കാഹളവുമായി വള്ളത്തോളും തെക്ക് തിരുവനന്തപുരത്ത് ക്ലാസിക്ക് പാരമ്പര്യത്തിന്റെ പാണ്ഡിത്യത്തോടെ മഹാകവി ഉള്ളൂരും നിറഞ്ഞുനില്ക്കുന്ന കാലഘട്ടങ്ങളിലാണ് ജി.യും ചങ്ങമ്പുഴയും വൈലോപ്പിള്ളിയും പുതിയശബ്ദത്തിൽ മലയാളികളുടെ ഹൃദയങ്ങളിൽ തങ്ങളുടെ സാന്നിദ്ധ്യം അറിയിച്ചത്. ഇതേ കാലഘട്ടത്തിൽതന്നെ മീനച്ചിലാറിന്റെ തീരത്ത് കോളും കോളിളക്കവും ഉണ്ടാക്കാതെ തെളിഞ്ഞൊഴുകിയ കാവ്യപ്രവാഹമായിരുന്നു പാലാ നാരായണൻനായരുടെ കവിതകൾ. കവിത്രയത്തിൽ വള്ളത്തോൾക്കവിതയാണ് പാലായെ കൂടുതൽ സ്വാധീനിച്ചത്. ചങ്ങമ്പുഴ, വൈലോപ്പിള്ളി, പാലാ എന്നീ മൂന്നു കവികളുടെ ജനനം കൊണ്ട് 1911 എന്ന വർഷത്തിന് മലയാള കവിതാചരിത്രത്തിൽ സവിശേഷ സ്ഥാനമുണ്ട്. ഇവർ മൂവരുംചേർന്ന് മലയാള കവിതാചരിത്രത്തിലെ കാല്പനികതയുടെ സുവർണ്ണകാലത്തെ സമ്പന്നമാക്കി.

മിക്ക കവികളും കാവ്യവിഷയമായി സ്വന്തമായ ഒന്ന് തെരഞ്ഞെടുക്കാറുണ്ട്. പാലാ നാരായണൻനായരിൽ പെറ്റമ്മയും പോറ്റമ്മയുമായ കേരളത്തോടുള്ള ആരാധനയും ആഭിമുഖ്യവുമാണത്. ലളിതകോമള പദാവലികലിതമായ കവനശൈലിയുടെ പ്രയോക്താവാണ് പാലാ. 1110-ൽ പ്രസിദ്ധീകൃതമായ ചങ്ങമ്പുഴയുടെ ആദ്യകവിതാസമാഹാരമായ 'ബാഷ്പാഞ്ജലി'യിലും പാലായുടെ ആദ്യ കവിതാസമാഹാരാമായ 'പൂക്കളി'ലും ലളിതമായ പദങ്ങളാണ് പ്രയോഗിച്ചിട്ടുള്ളത്. 'പൂക്കളി'ലെ എല്ലാ കവിതകളിലും താളലയാത്മകത ദൃശ്യമാണ്. നാല്പതിൽപ്പരം കൃതികൾ എഴുതിയിട്ടുള്ള പാലാ മലയാളികൾക്കിടയിൽ ഏറ്റവും കൂടുതൽ അറിയപ്പെട്ടത് 'കേരളം വളരുന്നു' എന്ന തുടർക്കവിതയിലൂടെയാണ്. 1953-ൽ ഉള്ളൂരിന്റെ 'കേരളസാഹിത്യചരിത്രം' അച്ചടിപ്പിക്കുവാൻ കോഴിക്കോട്ടു താമസിക്കുന്ന കാലത്താണ് മലബാറിലെ കുടിയേറ്റ കൃഷിക്കാരുടെ ജീവിതത്തെപ്പറ്റി അറിയുവാൻ അവസരം ലഭിച്ചത്. ആ അനുഭവം മനസ്സിലുടക്കിയതിനെത്തുടർന്നാണ് കേരളത്തിന്റെ ഭൂപ്രകൃതിയും ചരിത്രവും പശ്ചാത്തലമാക്കി ഈ ആഖ്യാനാത്മക കാവ്യത്തിനു രൂപംനല്കിയത്. കേരളചരിത്രത്തെ ആഖ്യാനാത്മകമായി പറയുകയല്ല അദ്ദേഹം ചെയ്തത്. കേരളത്തനിമയും കേരളസംസ്കാരവും മനസ്സിലാക്കി അതിലൂടെ ഐക്യകേരളപ്രസ്ഥാനത്തിന് ജീവനും ഓജസ്സും നല്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. താൻ ജനിച്ച നാട്ടിൻപുറവും അതിന്റെ ക്ലേശങ്ങളും സാമാന്യജനങ്ങളും അവരുടെ ബുദ്ധിമുട്ടുകളും എന്നും കവിയുടെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. ഭാഷയിൽ അലങ്കാരദീക്ഷയോ പ്രാസമോടികളോ ഒന്നും നടത്താതെ അനായാസേന കാവ്യരചന നടത്തുന്ന പാലാ മലയാളകവിതയിൽ നടത്തിയ പരീക്ഷണമാണ് 'കേരളം വളരുന്നു' എന്ന കൃതി. മാതൃഭൂമിയെ ഒന്നായിക്കണ്ട് നിരന്തരം ഐക്യകേരളകാഹളം മുഴക്കി.

കേരളത്തിന്റെ പുരാണം, ഇതിഹാസം, യാത്രാവിവരണം, ആരാധനാമൂർത്തികൾ, ഭാഷ, വാണിജ്യരംഗം, കാലാവസ്ഥ, വേഷം, അനുഷ്ഠാനം, കലകൾ, കലാകാരന്മാർ, ചരിത്രനായകന്മാർ, കാർഷികവിളകൾ, കേരളക്കരയിൽ അതിഥികളായെത്തിയ ആര്യന്മാർ, വിദേശികളുടെ ആഗമനം, പക്ഷിമൃഗാദികൾ, വൃക്ഷലതാദികൾ, കാവുകൾ, ആചാരമര്യാദകൾ, ചരിത്രം, ഭൂമിശാസ്ത്രം, സംസ്കാരം, ഭാഷ, ആഘോഷങ്ങൾ, ഐതിഹ്യങ്ങൾ, നദികൾ, സ്ഥലനാമപുരാണങ്ങൾ എന്നിങ്ങനെ കേരളീയതയെ സമസ്തചൈതന്യങ്ങളോടുംകൂടി തന്റെ കവിതയിൽ അവതരിപ്പിച്ചു.

'പച്ചയാം കാട്ടും ചുട്ടി കുത്തിയ മലകളും
വച്ചുകൊണ്ടുണരുന്ന കേരളപ്രദേശത്തിൽ
നെന്മണി പവിഴമായ് മാറിയ പാടങ്ങളി-
ലുമ്മ വച്ചോണത്തുമ്പി തുള്ളിടും ദിനങ്ങളിൽ
തുച്ഛമാം തൃണത്തിന്റെ ചുണ്ടിലും വിരിഞ്ഞല്ലോ
കൊച്ചുകൊച്ചഴകുകൾ, കോമളച്ചിമിഴുകൾ'

ഇന്നു കാണുന്ന കേരളം രൂപംകൊള്ളുന്നതിനു മുമ്പ് ഐക്യകേരളത്തെക്കുറിച്ച് ഉത്പതിഷ്ണുക്കളുടെ മനസ്സിൽ മാത്രമുണ്ടായിരുന്ന ഒരു കാലത്താണ് 'കേരളം വളരുന്നു' എന്ന തുടർക്കാവ്യരചനയ്ക്ക് പാലാ മുതിർന്നത്. 'കേരളം വളരുന്നു' എന്ന പരമ്പരയിലെ ഒന്നാം ഭാഗത്തിന്റെ ഒടുവിൽ കാണുന്ന വരികൾ ഏകീകൃതമായ ഒരു കേരളത്തെ ലക്ഷ്യമിട്ടുകൊണ്ട് മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിൽ പ്രക്ഷോഭങ്ങൾ ആവേശംകൊള്ളുന്ന ഒരു കാലഘട്ടത്തിൽ എഴുതിത്തുടങ്ങിയതാണ്. ഐക്യകേരള പ്രസ്ഥാനത്തിന് ഈ കവിത ഉണർവുനൽകി. കേരളത്തിലുടനീളം അതിന്റെ സ്പന്ദനങ്ങൾ പ്രതിഫലിച്ചു. ശ്രീ. കേളപ്പന്റെ അദ്ധ്യക്ഷതയിൽ നടന്ന ചരിത്രപ്രസിദ്ധമായ ഐക്യകേരളസമ്മേളനം, കേരളസംസ്കാരരൂപവത്കരണത്തിനുള്ള ആവേശത്തിന്റെയും പ്രസ്ഥാനങ്ങളുടെയും ഉദ്ഘാടനം നിർവ്വഹിച്ച കാലഘട്ടത്തിലാണ് 'കേരളം വളരുന്നു' എന്ന തുടർക്കവിതകൾ രചിച്ചത്. തീക്ഷ്ണവും തീവ്രവുമായ ഒരു അഭിനിവേശമാണ് പാലായ്ക്ക് കേരളത്തോടുള്ളത്.

'കേരളം—കേൾവിക്കെന്തു
ശാന്ത ശീതളപദം
കേവലപ്രണവംപോൽ
പാവനം സനാതനം
കോൾമയിർകൊള്ളുന്നല്ലോ
മന്മേനിനാടേ നിന്റെ
കോമളപ്രകൃതിമേൽ
കണ്ണുകൾ ചലിക്കുമ്പോൾ'

കേരളമെന്ന നാമംപോലും ശാന്തശീതളാനുഭവമാണ് കവിക്കു നല്കുന്നത്. കേരളപ്രകൃതിയുടെമേൽ കണ്ണുകൾ ചലിക്കുമ്പോൾ കവിയുടെ ശരീരം പോലും കോരിത്തരിക്കുന്നു. പത്തുഭാഗങ്ങളുള്ള ഈ കൃതിയുടെ എട്ടുഭാഗങ്ങൾ മാത്രമേ കവി ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. 'കേരളം വളരുന്നു' എന്ന ഗ്രന്ഥപരമ്പരയെ ഒരു മഹാകാവ്യമാണെന്നു കരുതാവുന്നതാണ്. (മീരാക്കുട്ടി. പി, 1988: 37) 'മറ്റാരും ഏറ്റെടുക്കാത്ത ഒരു

പരീക്ഷണമെന്നാണ്' ഡോ. ലീലാവതി ഈ കൃതിയെ വിശേഷിപ്പിച്ചിരിക്കുന്നത്.(1985: 298). ഒരു സാധാരണ നാട്ടിൻപുറത്തിന്റെ ചിത്രം കവി അവതരിപ്പിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

'വേലിയാൽ സുരക്ഷിതമായിട്ടും സ്ഥലത്തോരോ
വേലയും പണിയുമായ്ക്കുണ്ടിടാം യുവാക്കളെ
പാവലിട്ടൊരിടത്തു പന്തലിൽ പടർത്തുന്നു
കോവലിട്ടൊരിടത്തു കൊമ്പിലേക്കുയർത്തുന്നു
വെള്ളരി, പടവലം, കുമ്പളം പയറുകൾ
വെള്ളമൊത്തുരമിട്ടു വള്ളിമേലുടക്കുന്നു'

കേരളത്തിന്റെ ശാന്തശീതളമായസൗന്ദര്യത്തിൽ അഭിമാനംകൊള്ളുന്ന കവി കേരളത്തിലെ വർത്തമാനകാലത്തിന്റെ ദുഃഖാരിഷ്ടതകളും വർണ്ണിക്കുന്നുണ്ട്.

'കാണുന്നതുണ്ടുഞാൻ, കാലപ്പകർച്ചയിൽ
കേണുനീങ്ങുന്ന കുടുംബങ്ങൾ കൂട്ടമായ്
കാണിയും കൈമുതലില്ലാതുലയുന്നു
കൂണുപോലുള്ള കുടിലുകളിപ്പോഴും'

ജാതിവർഗ്ഗഭേദങ്ങൾക്കതീതമായി കേരളജനത ഒന്നുപോലെ പുലരുന്ന നാടാണ് കവിയുടെ ആദർശഭൂമി. 1953-മുതൽ തിരുവിതാംകൂറിലേക്കു കുടിയേറിപ്പാർത്ത ക്രിസ്ത്യാനികൾ മൈസൂർ, കർണ്ണാടകം തുടങ്ങിയ അയൽസംസ്ഥാനങ്ങളിലേക്കും കടന്നുചെന്നിരുന്നു. ഇവരുടെ ജീവിതത്തിന്റെ യാതനകളും അന്യനാട്ടുകളിലേക്കുള്ള മലയാളത്തിന്റെ വളർച്ചയും കണ്ട കവി പശ്ചിമഘട്ടങ്ങളെ കടന്നുള്ള മലയാളക്കരയുടെ വളർച്ചയെപ്പറ്റി പാടി. സന്ദർശിച്ച സ്ഥലങ്ങളിലും ഇടപെട്ട യുദ്ധരംഗങ്ങളിലും മലയാളികളെ കണ്ടുമുട്ടി. അവിടെയെല്ലാം കേരളത്തിന്റെ ഊർജ്ജവും സൗന്ദര്യവും ദർശിച്ചു.

കേരളീയഗന്ധമുള്ള പല കവിതകളും അദ്ദേഹം രചിച്ചു. 'കൈരളീമുരളി', 'മലനാട്ടിലെ നർത്തകി', 'കേരളം വളരുന്നു', 'ഭാർഗ്ഗവക്ഷേത്രം' എന്നിങ്ങനെയുള്ള കാവ്യനാമങ്ങൾപോലും കേരളവുമായി ബന്ധപ്പെട്ടതാണ്. സ്വന്തം ജീവിതാനുഭവങ്ങൾ പാലായെ ദരിദ്രരുടെ കവിയും ദേശീയതയുടെ ഉപാസകനും കേരളത്തനിമയുടെ പ്രയോക്താവുമാക്കി. ദൈവത്തിന്റെ സ്വന്തം നാടായ കേരളം പാലായുടെ ഹൃദയഭൂമിയാണ്.

വിണ്ണിലേയ്ക്ക് ദൃഷ്ടികളുയർത്തുമ്പോഴും കവി കാലുറപ്പിച്ചിരിക്കുന്നത് കേരളമണ്ണിലാണ്. കേരളീയ സംസ്കാരത്തിന്റെ മധുരവും ദീപ്തവും

സൗമ്യവുമായ ഭാവനയാണ് പാലാക്കവിതകളിലെ ഗതി നിർണ്ണയിച്ച തെന്നുപറയാം. മീനച്ചിലാറിന്റെ തീരത്ത് ജനിച്ച് നാടിന്റെ പവിത്രത അനുഭവിച്ച കവി തന്റെ ജീവിതത്തിലും കവിതകളിലും മീനച്ചിലാറിന്റെ നീരൊഴുക്കിന്റെ തെളിമ കാത്തുസൂക്ഷിച്ചു. ഇന്നത്തെ മീനച്ചിലാറിന്റെ ശോച്യമായ അവസ്ഥയും ഇത്തരുണത്തിൽ ചിന്തിക്കാവുന്നതാണ്. ഇന്ന് ഈ നാടുകാണുന്ന കവി വിലാപകാവ്യം രചിക്കേണ്ടതായിവരും.

കേരളത്തിന്റെ പ്രകൃതിഭംഗിയും ചരിത്രവും സംസ്കാരവും ജീവിതവും രാഗലയങ്ങളും ആദിമപ്രഭാവത്തോടുകൂടി ആവിഷ്കരിക്കുകയും വർത്തമാനകാലത്ത് വന്നുചേർന്ന അധഃപതനത്തിൽ സഹതപിക്കുകയും ചെയ്യുന്ന ആ കവിതകൾ കേരളീയതയിൽ അടിസ്ഥാനമുറപ്പിച്ച് കേരളത്തിന്റെ ആത്മസ്പന്ദനമായി വികസിപ്പിച്ച് കേരളത്തിന്റെ മഹിമകളെ വർണ്ണിക്കുന്നവയാണ്. കേരളത്തിന്റെ ചേതന കാവ്യനാദമായി അദ്ദേഹത്തിന്റെ കവിതയിൽ വർത്തിക്കുന്നു. ആയതിനാൽ കേരളത്തിന്റെ കവി എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുവാൻ സാധിക്കും. മറുനാടൻ സംസ്കാരസൗന്ദര്യങ്ങളുടെ വന്ധ്യത നേരിട്ടനുഭവിച്ചതുകൊണ്ട് പ്രേമധാമമായ കേരളത്തിന്റെ ഓർമ്മകൾ അദ്ദേഹത്തിന്റെ കേരളപ്രണയം കത്തിജ്ജ്വലിപ്പിച്ചു.

സൗന്ദര്യമുഗ്ധമായ കാമുകനെപ്പോലെ പ്രകൃതിലാവണ്യത്തെ അനുഭവിക്കുന്ന കാമഭ്രാന്ത് അദ്ദേഹത്തിലില്ല. സൗന്ദര്യത്തിന്റെ മേഖലകളെ ഭോഗാസക്തികൊണ്ട് ദൂഷിപ്പിക്കാതെ ലോലഹൃദയനായി പ്രകൃതിയുടെ വർണ്ണങ്ങൾ നഷ്ടപ്പെടുത്താതെ പകർത്താൻ ആനന്ദാതിരേകത്തോടെ ശ്രമിക്കുന്ന ഒരു ചിത്രകാരന്റെ മനസ്സാണ് അദ്ദേഹത്തിന്റെ കവിതകളിലുള്ളത്. കേരളീയതയെന്നത് ഭാരതീയതയുടെ ഒരംശം ആയതിനാൽ പ്രാദേശികതയിൽ അദ്ദേഹം കുടുങ്ങിക്കിടക്കുന്നു എന്നുപറയുവാൻ സാധിക്കില്ല. കേരളത്തനിമ അനുഭവിച്ചറിഞ്ഞ കവി ഭാരതീയതയുടെ ചക്രവാളങ്ങളിലേക്കും തൂലിക ചലിപ്പിച്ചു. അങ്ങനെ അദ്ദേഹം ഭാരതത്തിന്റെ കവിയുമായി.

'പാഞ്ചജന്യം', 'പമ്പാനദി', 'മാതൃപൂജ', 'പുഷ്പാഞ്ജലി', 'അഗ്നിപരീക്ഷണം', 'സ്വയംപ്രഭ', 'ഓർമ്മപുതുക്കുക', 'വന്നുപോയി' തുടങ്ങിയ കൃതികളിലെല്ലാം ഭാരതീയതയും കേരളീയതയും ദർശിക്കാൻ സാധിക്കും. കേരളസംസ്കാരത്തെ പ്രതിപാദിക്കുന്ന കവിതയാണ് 'സ്വയംപ്രഭ' (വിളക്കുകൊളുത്തു എന്ന കവിതാസമാഹാരത്തിലേത്) 'സത്യദർശനം' (ശ്രാവണഗീതം എന്ന സമാഹാരം) 'ഭഗവത്ഗീത' (പൗർണ്ണമി എന്ന സമാഹാരം) 'ദിവ്യദർശനം' (അനന്തപുരിഎന്ന സമാഹാരം) എന്നീ

കവിതകളിൽ ആർഷഭാരതത്തിന്റെ വിശ്വാസങ്ങളുടെ ലളിതമായ ചരിത്രം കാണാം. 'കേരളാംബിക'എന്ന കവിതയിൽ ഭിന്നമതങ്ങൾ കൈകോർത്തുവാഴുന്ന ചിത്രം കാണുന്നു.

'ഭിന്നമാം മതങ്ങൾക്കു
പൊന്നുകായ്ക്കുന്ന താവളം'

ഏതെങ്കിലുമൊരു മതവിഭാഗത്തിന്റെ പ്രത്യേകനാടല്ല കേരളം

'ഹിന്ദുവും മുസൽമാനും ക്രിസ്ത്യനും യഹൂദനു
മൊന്നുപോൽ പുലരുന്നിതെത്രയോ ശതാബ്ദമായ്
അവർതൻ സഹോദരനിർവിശേഷമാം സ്നേഹം
നിവരെ പൊൻപൂക്കളായ് സൗരഭം പൊഴിക്കുന്ന്' (കേരളാംബിക)

ഒരു പൂന്തോട്ടത്തിലെ നാനാവർണ്ണത്തിലും തരത്തിലുമുള്ള പൂക്കൾ ഒന്നുപോലെ വിടരുന്നതുപോലെയാണ് വിഭിന്ന മതവിശ്വാസികൾ ഇവിടെ ഒരുമയോടെ വാഴുന്നത്.

'ഏകമേ, മതം ജാതി ദൈവമെന്നോതും കർമ-
യോഗിമാരുദിക്കുന്ന ഭാർഗ്ഗവക്ഷേത്രത്തിങ്കൽ'

'മതവും വിവാദവും മാറിനില്ക്കട്ടേ, ജാതി
മദവും നശിക്കട്ടെ, മാനുഷൻ നന്നാവട്ടേ!'

'ശക്തിയേകുക' (പുലരി) എന്ന കവിതയിൽ ഭാർഗ്ഗവക്ഷേത്രത്തിൽ നിന്നും ജാതിചിന്ത പിഴുതെറിഞ്ഞ് സമഭാവനയോടെ മനുഷ്യർ വളർന്നുവരണമെന്ന് കവി ഓർമ്മിപ്പിക്കുന്നു.ഓണം, വിഷു, ദീപാവലി, തിരുവാതിര തുടങ്ങിയ ആഘോഷങ്ങളോരോന്നും പാലായുടെ കവിതയ്ക്കു വിഷയമായിട്ടുണ്ട്. 'ഓണം' (കേരളം വളരുന്നു രണ്ടാം ഭാഗം), 'പൂച്ചെണ്ടുകൾ' (കേരളം വളരുന്നു ആറാം ഭാഗം), 'ഉത്സവം' (കേരളം വളരുന്നു എട്ടാം ഭാഗം), 'ഓണോത്സവം' (കൈരളീമുരളി), 'മധുരോത്സവം' 'ഓണനിലാവിൽ', 'വരുമോ വീണ്ടും മാവേലി', 'സത്യമേവജയതേ', 'അന്നും ഇന്നും' (മലനാട്ടിലെ നർത്തകി) 'പൂക്കളം', (ശ്രാവണഗീതം) പാലാഴി എന്ന സമാഹാരത്തിലെ 'മംഗളാർച്ചന', 'നമ്മുടെ ഓണം' എന്നീ കവിതകളിൽ ഓണത്തെ പരാമർശിച്ചിരിക്കുന്നു.

'പരിഭവമില്ലാതോണം ചെറ്റ-
പ്പുരകളിലേക്കു കടന്നാലോ
മുടിവെച്ചാടിയ മാബലിമന്നൻ
കുടിലുകൾതോറും വന്നാലോ
ജോറായിന്നൊരു കറിയും കൂട്ടി-
ച്ചോറായൂണു കഴിക്കേണ്ടേ'

നാടൻപാട്ടിന്റെ ഈണത്തിലെഴുതിയ ഈ കവിതയിൽ ഓണാഘോഷത്തിന്റെ ചൊടിയും താളവും ദർശിക്കുന്നുണ്ട്.

'ഓണമില്ലാതിരിക്കിലോ കേരളം മരുപ്രദേശ-
മോളമില്ലാതുള്ള ഹൈമജല പ്രദേശം'

'ചിങ്ങപ്പൂക്കൾ', 'വരുമോവീണ്ടും മാവേലി', 'അന്നും ഇന്നും', 'മംഗളാർച്ചന', 'നമ്മുടെ ഓണം' എന്നീ കവിതകളിൽ ഓണത്തിന്റെ മാറിയ മുഖം ദർശിക്കുന്നു.

'പണ്ടുപണ്ടേ യുഗങ്ങൾ കൊളുത്തി-
ക്കൊണ്ടുവന്ന വിളക്കുകൾ കെട്ടു
ആ വെളിച്ചത്തിലാടിക്കളിച്ച
പൂവലാംഗികളാവിയായ് പോയി
ആ വികസ്വര മന്ദിരം ക്ഷാമ-
ദേവതയ്ക്കൊരു കൂത്തരങ്ങായി'

(അന്നും ഇന്നും)

ഓണാഘോഷങ്ങളിൽ മാത്രമല്ല പ്രകൃതിയിലും ഇന്നു മാറ്റങ്ങൾ ദൃശ്യമാണ്. പി. കുഞ്ഞിരാമൻ നായർ കഴിഞ്ഞാൽ മലയാളത്തിൽ ഏറ്റവും കൂടുതൽ ഓണക്കവിതകൾ എഴുതിയ കവിയാണ് പാലാ.

തിരുവാതിരയെക്കുറിച്ചുള്ള ഐതിഹ്യം ചുരുക്കമായി പ്രതിപാദിച്ചുകൊണ്ട് ആഘോഷങ്ങളുടെ പ്രത്യേകതകൾ വർണ്ണിക്കുകയും അതിന്റെ പ്രാധാന്യം വിശകലനം ചെയ്യുകയുമാണ് 'തിരുവാതിര' (കേരളം വളരുന്നു മൂന്നാം ഭാഗം) എന്ന കവിതയിൽ. തിരുപ്പാവൈ, തിരുവെമ്പാവെ പരിപാടൽ എന്നീ കൃതികളിൽ തിരുവാതിരമഹോത്സവത്തെപ്പറ്റി പരാമർശിക്കുന്നു. മലയാളികൾക്ക് വിഷു വർഷാരംഭദിനമാണ്. ശ്രീകൃഷ്ണനെ സ്തുതിച്ചും വിഷുക്കണി കണ്ടും കൈനീട്ടം വാങ്ങിയും വരാൻ പോകുന്ന ഒരു വർഷം സന്തോഷകരമായിത്തീരുവാൻ പ്രാർത്ഥിക്കുന്നു. 'വിഷു' എന്ന കവിതയുടെ വിഷയം ഇതുതന്നെയാണ് (കേരളം വളരുന്നു മൂന്നാം ഭാഗം)

കവിതയുടെ ആദ്യഭാഗത്ത് പ്രകൃത്യുപാസകനായി കവി എത്തുന്നു.

'പൊന്നിനാലലുക്കിട്ട പച്ചിലക്കുട ചൂടി
കൊന്നയും മന്ദാരവും മന്ദിരാങ്കണം പൂകി'

നില്ക്കുന്ന കാഴ്ച കണികാണുവാൻ കവി കേരളനാടിനെ ക്ഷണിക്കുന്നു. വിഷുവിനു ജ്യോതിഷത്തോടുള്ള ബന്ധത്തെ സ്മരിച്ചുകൊണ്ട് കണികാണൽ പ്രാധാന്യമുള്ളതാണെന്നു കവി സൂചിപ്പിക്കുന്നു. തുലാമാസത്തിലെ

നരകചതുർദശി നാളിൽ ദീപാവലി കൊണ്ടാടുന്നു. തിന്മയുടെമേൽ നന്മ നേടിയ വിജയവും വിജ്ഞാനമാകുന്ന വെളിച്ചത്തിനുവേണ്ടി പ്രാർത്ഥി ക്കേണ്ടതിന്റെ ആവശ്യകതയും ദീപാവലി അനുസ്മരിപ്പിക്കുന്നു. ശ്രീകൃ ഷ്ണൻ നരകാസുരവധം നടത്തിയതും ശ്രീരാമൻ ലങ്കാപുരിയിൽ പ്രവേ ശിച്ച് രാവണനെ വധിച്ചതും ഈ സുദിനത്തിൽ അനുസ്മരിക്കുന്നു.

'നാമതു തിരുത്തീടണം, നൂതനം
നാമരൂപത്തിലാവണം ജീവനം
കൂരിരുളിൽ കിടക്കുന്ന കാലത്തിൻ-
ക്രൂരതകളെ സ്നേഹാഭിഷേകത്താൽ,
സ്നിഗ്ദ്ധക്കോമളമാക്കിയിക്കോവിലിൽ
ഭക്തിപൂർവ്വം കൊളുത്തുക, ദീപം നാം !
നാം കൊളുത്തുമീ ദീപാവലിയുടെ
നാളമെത്തട്ടെ ! നീളും യുഗങ്ങളിൽ'

(ദീപാവലി - കേരളം വളരുന്നു എട്ടാം ഭാഗം)

ഉദയംപൂജ-മീനം-മേടം മാസങ്ങളിൽ വേമ്പനാട്ടുകായലിന്റെ ഇരു കരകളിലും താമസിക്കുന്ന കൃഷിക്കാർ നടത്തുന്ന ചടങ്ങാണ്. ഈ ചട ങ്ങിന്റെ പരിശുദ്ധിയും ആഘോഷരീതിയും ലക്ഷ്യവുമെല്ലാമാണ് 'ഉദയം പൂജ' (വിളക്കുകൊളുത്തു എന്ന കവിതാസമാഹാരം) എന്ന കവിതയുടെ വിഷയം. കർഷകർ മൂന്നു ദിവസങ്ങളിലായി ആഘോഷം നടത്തുന്നു. ദാരിദ്ര്യം, രോഗം ഇവ ഇല്ലാതാക്കുവാനും അദ്ധ്വാനിക്കുവാനുള്ള ശക്തി ലഭിക്കാനും വേണ്ടി സൂര്യദേവനെ ഭജിക്കുന്ന ഉത്സവമാണിത്. കേരള ത്തിലെ ആചാരാഘോഷങ്ങളോട് ബന്ധപ്പെട്ട കവിതകൾ വിശകല നം ചെയ്യുമ്പോൾ നിലവിലിരിക്കുന്ന ആചാരാനുഷ്ഠാനങ്ങളോട് ഭക്തി പുലർത്തുന്ന കവിമനസ്സിനെ ദർശിക്കാൻ സാധിക്കും.

മാമാങ്കം തേവരുടെ ഉത്സവമാണ്. ചരിത്രപ്രധാനമായ ഈ ഉത്സവ ത്തെ ഇതിവൃത്തമാക്കിയ കവിതയാണ് 'മാമാങ്കം'. (കേരളം വളരുന്നു ആറാം ഭാഗം) മാമാങ്കം നടക്കുന്ന നാളിനെയും സ്ഥലത്തെയും ചരിത്ര സംബന്ധമായ വിശദാംശങ്ങളെയും ഈ കവിതയിൽ പരാമർശിക്കുന്നു. ഉത്സവത്തിന്റെ മതപരമായ പ്രാധാന്യവും വ്യക്തമാക്കുന്നു. പൂജാദികർ മ്മങ്ങളനുഷ്ഠിച്ച് തീർത്ഥാടനം നടത്തി പാപമുക്തമായിത്തീരുന്നതിനു വേണ്ടി ഭക്തജനങ്ങൾ അത്യുത്സാഹപൂർവ്വം ഈ ഉത്സവത്തിൽ പങ്കെ ടുത്തിരുന്നു. ഭക്തിക്കപ്പുറം രാഷ്ട്രീയക്കൊതി വളർന്നപ്പോൾ ആയുധശ ക്തി പരീക്ഷിക്കുവാനുള്ള മത്സരരംഗമായി ഇവ മാറി.

സരസ്വതീദേവിയെ ആരാധിച്ച് വിദ്യ എന്ന സങ്കല്പം കേരളത്തിൽ നിലനില്ക്കുന്നു. 'വിളക്കുകൊളുത്തു' എന്ന സമാഹാരത്തിലെ 'സ്വർഗ്ഗറാണി', 'വെളിച്ചത്തിനുവേണ്ടി', 'തീജ്വാല' എന്നീ കവിതകളും 'പുഷ്യരാഗം', 'അക്ഷരങ്ങൾ', 'ദീപ്തിഗോപുരം', 'ദേവദർശനം' എന്നീ കവിതകളും (ശ്രാവണഗീതം) 'പൂജോത്സവം' എന്ന കവിതയും (മലനാട്ടിലെ നർത്തകി) വിദ്യയെ കേന്ദ്രീകരിച്ചുള്ളതാണ്. വിദ്യയുടെ നാഥയായ സരസ്വതീദേവിയെ സ്തുതിക്കുന്ന കവിതയാണ് 'പൂജോത്സവം'. 'പുഷ്യരാഗത്തിൽ' സരസ്വതീദേവിയെ അമ്മയുടെ സ്ഥാനത്തു പ്രതിഷ്ഠിക്കുന്നു.

'എന്നിൽ നിന്നെന്നെത്തുറന്നു വിടുന്നുവോ
നിൻനാദവൈഖരി നിൻ കലാചാതുരി
വിദ്യേ, ഭഗവതി, നീ തൊട്ടുണർത്തുന്നു
വിദ്യുൽപ്രവാഹമെന്നോരോ സിരയിലും'

വിദ്യാദേവിയുടെ നാദവും സ്പർശവും എന്നിലെ എന്നെ വളർത്തിയെടുക്കുവാൻ കാരണമാകുന്നു.

'വെളിച്ചത്തിനുവേണ്ടി' എന്ന കവിതയുടെ ഉള്ളടക്കവും ഇതുതന്നെ.

'എന്നിലൂടെ നീ നിശ്വസിച്ചപ്പോ-
ളെന്നിലെന്നെ നീ വേർതിരിച്ചപ്പോൾ
ജനവീഥിയിൽ നിന്നിരുൾ നീങ്ങി
ചിന്മയ ദീപനാളമായ് നിന്നേൻ'

'അക്ഷരങ്ങൾ' എന്ന കവിതയിൽ ബാല്യകാലവിദ്യാഭ്യാസത്തിന്റെ മധുരസ്മരണകൾ അയവിറക്കുന്നു. അക്ഷരങ്ങളുടെ അർത്ഥവ്യാപ്തി കണ്ടെത്തുന്നുമുണ്ട്. അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും മനുഷ്യമനസ്സിനെ തട്ടിയുണർത്തി പ്രകാശത്തിലെത്തിക്കുന്ന സ്നേഹമയിയാണ് സരസ്വതീദേവി. (സ്വർഗ്ഗറാണി എന്ന കവിത) തന്റെ ചരണങ്ങളിൽ ജീവനർപ്പിക്കുന്നവരെ സർവ്വജ്ഞപീഠം കയറുവാൻ സ്വർഗ്ഗറാണി സഹായിക്കുന്നു. ഈ റാണിക്ക് കവി ഭക്തിപൂർവ്വം പ്രണാമങ്ങളർപ്പിക്കുന്നു.

ആദർശസമ്പന്നന്മാരുടെ നാടാണ് കേരളം. കേരളത്തെ വളർത്തിയ മഹാത്മാക്കളെ പ്രകീർത്തിച്ചുകൊണ്ട് അവരിലൂടെ കൈവരിച്ച ഔന്നത്യത്തിന്റെ ചിത്രം കവിതകളിലൂടെ പ്രകാശിപ്പിക്കുന്നു. 'ശ്രീശങ്കരൻ' (കേരളം വളരുന്നു മൂന്നാം ഭാഗം), 'ശ്രീനാരായണൻ' (കേരളം വളരുന്നു നാലാം ഭാഗം), 'ശ്രീബുദ്ധൻ' (പൗർണ്ണമി), 'മുഹമ്മദുനബി' (കൈരളീമുരളി) എന്നീ കവിതകളിൽ കേരളത്തെ വികസിപ്പിച്ച ആദർശപുരുഷന്മാരെ പരാമർശിക്കുന്നു. 'പിതൃദർപ്പണം' എന്ന കവിതയിലും

ശങ്കരാചാര്യരുടെ പാവനസ്മരണയ്ക്കു മുമ്പിൽ പ്രണാമങ്ങളർപ്പിക്കുന്നു. വേലുത്തമ്പിദളവയുടെ ജീവിതത്തെ പുനരാവിഷ്കരിക്കുന്ന കവിതയാണ് 'വേലുത്തമ്പി'. (കേരളം വളരുന്നു അഞ്ചാം ഭാഗം). പ്രാചീന കേരളത്തിലെ രാജാക്കന്മാരിൽ പ്രസിദ്ധനായ ചെങ്കുട്ടവന്റെ രാജ്യസേവനങ്ങളെ സ്മരിക്കുന്ന കവിതയാണ് ചെങ്കുട്ടവൻ. (കേരളം വളരുന്നു അഞ്ചാം ഭാഗം). കേരളസിംഹം എന്നറിയപ്പെടുന്ന കോട്ടയത്തുതമ്പുരാന്റെ വീരചരിതങ്ങളാണ് 'കേരളസിംഹം' (കേരളം വളരുന്നു ആറാം ഭാഗം). സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ധീരോദാത്തമായ ജീവിതത്തെ അനുസ്മരിക്കുന്ന കവിതയാണ് 'ബഹിഷ്കൃതൻ' (കേരളം വളരുന്നു ഏഴാം ഭാഗം). കേരളത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച വീരയോദ്ധാക്കളെ സ്മരിച്ചുകൊണ്ട് എഴുതിയ കവിതയാണ് 'ജീവശിഖകൾ' (കേരളം വളരുന്നു ഏഴാം ഭാഗം).

കാവ്യമണ്ഡലത്തിന്റെ വളർച്ചയ്ക്കു കാരണക്കാരായ കാളിദാസൻ, എഴുത്തച്ഛൻ, മേല്പത്തൂർ, നിരണം കവികൾ എന്നീ പ്രാചീനകവികളെയും ഏ.ആർ, ആശാൻ, ഉള്ളൂർ, വള്ളത്തോൾ, ചങ്ങമ്പുഴ എന്നീ ആധുനികരേയും കുറിച്ച് പാലാ കവിതകൾ രചിച്ചിട്ടുണ്ട്. കാളിദാസന്റെ കൃതികളെക്കുറിച്ചും കാവ്യാത്മാവിനെക്കുറിച്ചുമുള്ള ചിന്തകളാണ് 'ഭാരതകവി' (പൗർണ്ണമി) എന്ന കവിതയുടെ ഉള്ളടക്കം. 'വനസംഗീത'ത്തിൽ (ശ്രാവണഗീതം) കാളിദാസന്റെ കാവ്യജീവിതത്തിന്റെ വളർച്ചയുടെ ചിത്രം അവതരിപ്പിക്കുന്നു. രാമപുരത്തുവാര്യരെ സ്മരിച്ചുകൊണ്ടെഴുതിയ കാവ്യമാണ് 'അനശ്വരഗാനം' (ശ്രാവണഗീതം). മേല്പത്തൂർ നാരായണഭട്ടതിരിയുടെ ജീവിതവും കാവ്യങ്ങളും വിവരിക്കുന്ന കവിതയാണ് 'മേല്പത്തൂർ' (കേരളം വളരുന്നു എട്ടാം ഭാഗം) നിരണം കവികളുടെ സേവനത്തെ സ്മരിച്ചുകൊണ്ടെഴുതിയതാണ് 'നിരണം കവികൾ' (കേരളം വളരുന്നു എട്ടാം ഭാഗം) എന്ന കവിത. എഴുത്തച്ഛന്റെ കാവ്യപ്രപഞ്ചത്തെ സ്തുതിച്ചുകൊണ്ട് വിലയിരുത്തുന്ന കവിതകളാണ് 'രാമാനുജൻ' (കേരളം വളരുന്നു ആറാം ഭാഗം), 'തുഞ്ചത്തെ പൈങ്കിളി' (കേരളം വളരുന്നു എട്ടാം ഭാഗം) എന്നിവയിലൂടെ ആധുനിക കവിത്രയത്തെയും പാലാ നാരായണൻനായർ അവതരിപ്പിക്കുന്നു. കുമാരനാശാനെപ്പറ്റി പ്രതിപാദിക്കുന്ന 'കുമാരനാശാൻ' (കേരളം വളരുന്നു മൂന്നാം ഭാഗം) 'ആർഷപത്മം' (ശ്രാവണഗീതം), ഉള്ളൂരിനെ സ്മരിച്ചുകൊണ്ടെഴുതിയ 'ഉള്ളൂർ മഹാകവി' (കേരളം വളരുന്നു എട്ടാം ഭാഗം) 'ബൃഹസ്പതി' (ശ്രാവണഗീതം) വള്ളത്തോളിന്റെ കാവ്യജീവിതം ഇതിവൃത്തമാക്കിയ 'വള്ളത്തോൾ' (കേരളം വളരുന്നു നാലാം ഭാഗം) എന്നീ കവിതകൾ കവികളെ മാനിച്ചുകൊണ്ടെഴുതിയിരിക്കുന്നു.

'നീർക്കയങ്ങളിൽ മുങ്ങിത്താഴാതെ നീലാഭ്രത്തിൻ
നേർക്കുയർന്നാടും തങ്കത്താമരപ്പൂ' (ആർഷ പത്മം)

ആയിട്ടാണ് കുമാരനാശാനെ കവി കാണുന്നത്.

'എൻ ഗുരുവുറങ്ങുന്നു' എന്ന കവിത (പാലാഴി) വള്ളത്തോളിന് ആദരാഞ്ജലിയർപ്പിച്ചുകൊണ്ടുള്ളതാണ്. ചങ്ങമ്പുഴയുടെ അകാലനിര്യാണത്തിൽ വേദനിച്ച കവിമനസ്സിന്റെ സ്വരമാണ് 'ഗാനഗന്ധർവൻ' (മലനാട്ടിലെ നർത്തകി). രവീന്ദ്രനാഥ ടാഗോറിനെ സ്മരിച്ചുകൊണ്ട് എഴുതിയതാണ് 'രവീന്ദ്രനാഥ ടാഗോർ'. (കൈരളീമുരളി). പ്രാചീനകവികളായ ചെറുശ്ശേരി, പൂനം, പൂന്താനം തുടങ്ങിയ കവികളെയും അനുസ്മരിക്കുന്നുണ്ട്. തന്റെ സമകാലീനനായ വെണ്ണിക്കുളത്തെ സ്മരിച്ചുകൊണ്ട് എഴുതിയതാണ് 'ബലികർമ്മം' എന്ന കവിത (പുലരി). ഏതൊരു സമൂഹത്തിന്റെയും സാംസ്കാരിക പ്രതിഫലനം ഭാഷയിലൂടെ ദർശിക്കാൻ സാധിക്കുന്നു. പാലാ മാതൃഭാഷയെ സ്നേഹിക്കുകയും യുവസുന്ദരിയായി കല്പിക്കുകയും ചെയ്യുന്നു. ഈ സുന്ദരിയുടെ കഥാഖ്യാനമാണ് കൈരളി (ശ്രാവണഗീതം), 'കൈരളീമുരളി' (കൈരളീമുരളി), 'മലനാട്ടിലെ നർത്തകി' (മലനാട്ടിലെ നർത്തകി) എന്നീ കവിതകൾ. 'കൈരളീമുരളി' എന്ന കവിതയിൽ മലയാളഭാഷയുടെ ഇന്നത്തെ അവസ്ഥ സൂചിപ്പിച്ചിരിക്കുന്നു.

'ഭരിതവിനോദം വളർന്നു ഭാഷാ-
ഭഗവതി സർവസംപൂജ്യയായി'

വളർച്ചയുടെ തികവിൽ എത്തിനിൽക്കുന്ന മലയാളഭാഷ സർവ്വാരാധ്യയാണ്. ഭാഷയുടെ ആരംഭവികാസപരിണാമങ്ങൾ, ഇന്നത്തെ അവസ്ഥ എല്ലാം ഈ കവിതയിൽ അവതരിപ്പിക്കുന്നു. കൈരളിയുടെ നൂറ്റാണ്ടുകളുടെ ചരിത്രം വിവരിക്കുന്നു. മലയാളഭാഷയുടെ വളർച്ചയുടെ ചരിത്രം തന്നെയാണ് 'കൈരളിയിലും', 'മലനാട്ടിലെ നർത്തകി'യിലും അവതരിപ്പിച്ചിരിക്കുന്നത്. മലനാട്ടിലേയ്ക്കു നൃത്തംവെച്ചുകൊണ്ടു കടന്നുവരുന്ന സുന്ദരിയായി 'മലനാട്ടിലെ നൽത്തകി'യിൽ കവി കൈരളിയെ കാണുന്നു. കേരളത്തെ കലയുടെ കളിത്തൊട്ടിലായി 'ഭാർഗ്ഗവക്ഷേത്രം' (വിളക്കുകൊളുത്തു) എന്ന കവിതയിൽ വിശേഷിപ്പിക്കുന്നു. പ്രതികൂലസാഹചര്യങ്ങൾ അലട്ടുന്ന നാളുകളിൽപ്പോലും കലയുടെ മഹിമ കൈവെടിയാതെ വിശ്വഭാവനയ്ക്കു മുതൽക്കൂട്ടായിത്തീരുന്ന ഭാർഗ്ഗവക്ഷേത്രമാണ് മലനാട്.

'നേതൃദോഷത്താൽ ചേരി-
പ്പോരിനാൽ ഞെരുങ്ങുന്ന
നേരമാണെന്നാൽപ്പോലും
ഭാർഗ്ഗവക്ഷേത്രത്തിലെ,

ദേവതയ്ക്കന്തസ്സത്ത-
വിട്ടുപോയില്ലാ, വിശ്വ-
ഭാവനയ്ക്കവൾ മുതൽ-
ക്കൂട്ടുമായ് മുന്നേറുന്നു'

'നമോവാകം' എന്ന കവിതയിൽ അന്യനാടുകളിൽപ്പോലും കലയുടെ പരിമളം പരത്തി നിത്യയൗവ്വനമായി ശോഭിക്കുന്ന കലാകേരളത്തിനു നമോവാകമർപ്പിക്കുന്നു. (കേരളം വളരുന്നു ആറാം ഭാഗം) 'കടലാസുപൂക്കൾ' (ശ്രാവണഗീതം) കലയുടെ മറവിൽ നടക്കുന്ന കലാഭാസങ്ങളുടെ ചിത്രമാണ് കടലാസുപൂക്കളെന്നു വിശേഷിപ്പിച്ചിരിക്കുന്നത് സർഗ്ഗശക്തിയുടെ സൃഷ്ടികളല്ലാത്ത കലകളെയാണ്.

'കൃത്രിമച്ഛായം തേച്ച പൂക്കളേ വഴിമാറി-

നില്ക്കുവിൻ, വിടരട്ടെ സർഗ്ഗവാസന പാരിൽ'

കല ഏതൊക്കെ രൂപഭാവങ്ങളിൽ എപ്രകാരമുള്ള ആനന്ദം ആസ്വാദകർക്കു നല്കുന്നതെന്ന് (കൈരളീമുരളിയിൽ) വ്യക്തമാക്കുന്നു. 'കലാപൂജ' (കലാപൂജ), 'അനുഭൂതി' (ശ്രാവണഗീതം) എന്നീ കവിതകളിലും പാലായുടെ കലാപരമായ ദർശനങ്ങൾ കണ്ടെത്താം. കേരളത്തിന്റെ തനതുകലയായ കഥകളിയെ പ്രമേയമാക്കി രചിച്ചിട്ടുള്ള കൃതിയാണ് 'കഥകളി'. (കേരളം വളരുന്നു അഞ്ചാം ഭാഗം), വ്യത്യസ്ത വേഷങ്ങൾ കെട്ടി ഭാവമുദ്രകൾ കാണിച്ച് രംഗാഭിനയം കാഴ്ചവയ്ക്കുന്ന കഥകളിനടനു തുല്യമാണ് കേരളത്തിന്റെ പ്രകൃതി. നവരസഭാവങ്ങൾ കാണിക്കുന്ന ഋതുഭേദങ്ങളും കാട്ടരുവിയുടെ സംഗീതവും ഇടിയുടെ ഗർജ്ജനമാകുന്ന താളമേളകലാശങ്ങളുമെല്ലാം കഥകളി അരങ്ങിന്റെ പ്രതീതി ജനിപ്പിക്കുന്നു. തുള്ളൽ, കൂത്ത്, കൂടിയാട്ടം, തിരുവാതിരക്കളി തുടങ്ങിയവയെക്കുറിച്ചുള്ള പരാമർശങ്ങൾ (കേരളം വളരുന്നു ഒന്നാം ഭാഗം), 'കരയുന്ന ചിലങ്ക' (കേരളം വളരുന്നു എട്ടാം ഭാഗം) തുടങ്ങിയവയിലുണ്ട്. 'വിളക്കുകൊളുത്തു' എന്ന സമാഹാരത്തിലെ 'പമ്പാനദി', 'വെച്ചുപാട്ട്' എന്നീ കവിതകളിൽ വള്ളംകളിയെ ഇതിവൃത്തമാക്കിയിരിക്കുന്നു. ആലപ്പുഴ പുന്നമടക്കായലിലെ നെഹ്റു ട്രോഫി വള്ളംകളിയാണ് 'വെച്ചുപാട്ടി'ന്റെ വിഷയം ഉത്തൃട്ടാതി വള്ളംകളിയും തിരുവാറന്മുളയിൽ നടക്കുന്ന പള്ളിയോടം കളിയെപ്പറ്റിയുള്ള 'പമ്പാനദി' എന്ന കവിതയിൽ പമ്പാനദിയുടെ സൗന്ദര്യം വർണ്ണിക്കുന്നു.

ഓണം എന്ന കവിതയിൽ നാടൻ കളികളെ സ്മരിക്കുന്നു.

'പന്തടി, വില്ലാൻകളി
ചേക്കേറു തിരുവോണ-
പ്പന്തിയിൽ പാടേ നേടി
സമ്മാനബിരുദങ്ങൾ.

തഞ്ചിടും തിരകളിൽ
താളമിട്ടോടിക്കേറും
വഞ്ചിയും വഞ്ചിപ്പാട്ടും
നമ്മുടെ സമ്പാദ്യങ്ങൾ'

ആര്യദ്രാവിഡസമന്വയത്തെക്കുറിച്ച് 'ഇരുളടഞ്ഞ ഏടുകൾ', 'മലനാട്' എന്നീ കവിതകളിൽ പരാമർശിക്കുന്നു. കേരളം വളരുന്നു ഒന്നാം ഭാഗത്ത് കേരളക്കരയിലെത്തിയ വിദേശികളെക്കുറിച്ചും സോളമനെക്കുറിച്ചും പരാമർശിക്കുന്നു. തുന്നൽ, നെയ്ത്ത്, കെട്ടിടനിർമ്മാണം ഇവയെ പരിഷ്കരിച്ചുകൊണ്ട് ഇവിടെയെത്തിയ യഹൂദന്മാരെ ഓർമ്മിക്കുന്ന കവിതയാണ് 'യഹൂദന്മാർ'. (കേരളം വളരുന്നു മൂന്നാം ഭാഗം). 'ഒന്നാകട്ടെ' എന്ന കവിതയിൽ ബ്രിട്ടീഷുകാരുടെ ആഗമനത്തെക്കുറിച്ചാണു സൂചിപ്പിക്കുന്നത്. ശ്രാവണഗീതത്തിലെ 'നാളത്തെ വിപ്ലവത്തിൽ' കേരളത്തിലെ ഹരിജനങ്ങളുടെ വളർച്ചയുടെ കഥ പറയുന്നു. നീലിയും അഴകനുമെന്ന രണ്ട് അടിയാന്മാരുടെ കഥകളിലൂടെ ഇത് അവതരിപ്പിക്കുന്നു. തകർന്നടിഞ്ഞ ജന്മിത്വത്തെക്കുറിച്ചു പ്രതിപാദിക്കുന്ന മറ്റൊരു കവിതയാണ് 'മറിമായം' (ശ്രാവണഗീതം). കേരളീയരെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന കണ്ണിയാണ് ആചാരാനുഷ്ഠാനങ്ങൾ. ഇവയിൽ കാലാനുസൃതമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. കേരളീയസംസ്കാരത്തിന്റെ ഭാഗമായ ആചാരാനുഷ്ഠാനങ്ങളെ തിരസ്കരിച്ചാൽ ജനതയുടെ നിലനില്പിനെത്തന്നെ അതുബാധിക്കും എന്ന് പാലാ മനസ്സിലാക്കിയിരുന്നു. ഇപ്രകാരം കേരളം എന്ന വികാരം സിരകളിൽ ചോര തിളപ്പിക്കുന്ന ഊഷ്മളതയായിരുന്നു പാലായ്ക്ക്.

## പാലായുടെ കൃതികൾ

'ശ്രാവണഗീതം', 'വിളക്കുകൊളുത്തു', 'പൗർണ്ണമി', 'പൂക്കൾ', 'നവയുഗം', 'ബാഷ്പരംഗം', 'നിർവാണമേഖല', 'ജീവിതകാഹളം', 'കൈരളീമുരളി', 'രാഗാലാപം', 'നിർധനൻ, അടിമ, അന്ത്യപൂജ, ഗാനനാടകങ്ങൾ, മനുഷ്യൻ, അമൃതകല, എനിക്കു ദാഹിക്കുന്നു, മലനാട്, കേരളം വളരുന്നു (8 ഭാഗങ്ങൾ), ഓളങ്ങൾ, തരംഗമാല, മലനാട്ടിലെ നർത്തകി, പാലാഴി, മേഘസഞ്ചാരം, ശാന്തി, വൈഖരി, കഥാഭിനയമാല (3

ഭാഗങ്ങൾ), അഭിനയഗാനങ്ങൾ (2 ഭാഗങ്ങൾ), ശിശുഗാനങ്ങൾ, കസ്തൂർബാ, ഓമനപൈതൽ, വനദേവതാ കഥകൾ, അത്ഭുതകഥകൾ, അംശുമാലി, കലാപൂജ, കുഞ്ഞിക്കവിത, പടക്കളം, പുലരി, അനന്തപുരി, അമരജ്യോതി, ഗാന്ധിഭാരതം, ദേവതാത്മാ ഹിമാലയം, തേൻകുരുവികൾ, അമൃതവർഷിണി.

ഉപസംഹാരം

തെളിഞ്ഞ ഭാഷയും പ്രസാദാത്മകതയും പാലാക്കവിതകളുടെ മുഖമുദ്രകളാണ്. കവിതകളിലെ പദസമ്മേളനം ആസ്വാദകരുടെ മനസ്സിനെ അയവുള്ളതാക്കുന്നു. കക്ഷിരാഷ്ട്രീയഭേദമില്ലാതെ അനുവാചകർക്കെല്ലാം കവിതകൾ ഹൃദ്യമായിത്തീരുന്നു. സ്വന്തമായതിനോടു പുച്ഛവും അന്യമായതിനോടു ആദരവും വളർത്തുന്ന ഒരു പ്രവണത ചിലരുടെയിടയിലെങ്കിലും കണ്ടുവരുന്ന സന്ദർഭത്തിൽ കേരളീയസ്വത്വത്തെ തിരിച്ചറിയാൻ പാലാക്കവിതകൾക്കു സാധിക്കുന്നു എന്നത് തർക്കമറ്റ യാഥാർത്ഥ്യമാണ്. രാജ്യം സാംസ്കാരികമായും, സാമ്പത്തികമായും, സാമൂഹികമായും സാമ്രാജ്യത്വത്തിന് അടിപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പാലാക്കവിതകളെ പുനർവായനയ്ക്കും അപഗ്രഥനത്തിനും വിധേയമാക്കുന്നത് ഉചിതമായിരിക്കും.

ഗ്രന്ഥസൂചി

1. നമ്പൂതിരി, എ.പി.പി., 1960, കവിതയിലേക്കൊരു കൈത്തിരി, കറന്റ് ബുക്ക്സ്, തൃശ്ശൂർ
2. പാലായുടെ കൃതികൾ
3. മീരാക്കുട്ടി, പി., 1988, ആശാൻതൊട്ട് ഇടശ്ശേരിവരെ, വിദ്യാർത്ഥിമിത്രം ബുക്ക്ഡിപ്പോ, കോട്ടയം
4. ലീലാവതി, എം., 1985, മലയാളകവിതാസാഹിത്യചരിത്രം, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ
5. ശങ്കരക്കുറുപ്പ്, ജി., 1970, ജി. യുടെ നോട്ടുബുക്ക്, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ,
6. ശങ്കരക്കുറുപ്പ്, ജി., 1977, ജി. യുടെ ഗദ്യലേഖനങ്ങൾ, സാഹിത്യ പ്രവർത്തകസഹകരണസംഘം, കോട്ടയം
7. മുരളി പിരപ്പൻകോട്, 2000, ഗ്രന്ഥാലോകം മാസിക, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം